## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2037. 16.02.2016 ൽ മറുപടിയ്ക്ക്.

## വാഹനങ്ങളുടെ അമിത വേഗത

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പൊതുനിരത്തുകളിൽക്കൂടി അമിത വേഗത്തിൽ വാഹനങ്ങൾ പ്രത്യേകിച്ചും സ്പോർട്സ് ബൈക്ക് ഓടിച്ചുപോകുന്നത് കാരണം കാൽനടക്കാരും മറ്റു വാഹനങ്ങളിൽ പോകുന്നവരും അപകടത്തിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അമിതവേഗത്തിൽ സ്പോർട്സ് ബൈക്കുകളും മറ്റു വാഹനങ്ങളും ഓടിച്ചു പോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.പിഴ ഈടാക്കുക, ലൈസൻസ് റദ്ദാക്കുക തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | മറ്റു ഹെവി വാഹനങ്ങളിൽ ഘടിപ്പിക്കുന്ന തരത്തിലുള്ള വേഗതാപ്പൂട്ട് സ്പോർട്സ് ബൈക്കുകളിൽ ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | 1989-ലെ കേന്ദ്രമോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 118 അനുസരിച്ച് മോട്ടോർ സൈക്കിളുകൾക്ക് സ്പീഡ് ഗവർണർ ബാധകമല്ല. |

| | | | |
|---|---|---|---|
| (സി) | വേഗതാപ്പൂട്ട് ഘടിപ്പിക്കുന്നതിന് സാധ്യമാകുമെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (സി) | കേന്ദ്ര മോട്ടോർവാഹന ചട്ടങ്ങളിൽ വ്യവസ്ഥ. ചെയ്തിട്ടില്ലാത്തതിനാൽ ഇക്കാര്യം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ.